KSEB

# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956 -ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)

CIN:U40100KL2011SGC027424

രജിസ്റ്റേർഡ് ഓഫീസ് : വൈദ്യുതി ഭവനം, പട്ടം , തിരുവനന്തപുരം -695004 , കേരളം.

ഫോൺ : +91471 2514472 2514527 2514455 2514608

വെബ് : www.kseb.in ഇ-മെയിൽ pokseb@gmail.com

15 YEARS OF CELEBRATING THE MAHATMA

നം. പി.എസ്.1 (ബി) /69/2019 തീയതി: 11.05.2020

## പരിപത്രം

വിഷയം.: കോവിഡ് - 19 – വ്യാപനം തടയുന്നതിനുള്ള പ്രവർത്തനങ്ങൾ - ജീവനക്കാരുടെ ഹാജർ ക്രമീകരണവും ശമ്പളം മാറ്റിവെക്കലിനോട് അനുബന്ധിച്ച് വായ്പാതിരിച്ചടവ് മാറ്റിവെയ്ക്കൽ - സംബന്ധിച്ച്.

സൂചന : 1) കേരള സർക്കാർ പൊതുഭരണ (രഹസ്യ വിഭാഗം) വകുപ്പ് സർക്കുലർ നം. എസ്.എസ്.1/91/2020/പൊ.ഭ.വ. തീയതി 22.04.2020.
2) സ.ഉ (അച്ചടി) നം.47/2020/ധന. തീയതി 24.04.2020.
3) സ.ഉ (അച്ചടി) നം.50/2020/ധന. തീയതി 28.04.2020.

കോവിഡ് - 19 വ്യാപനം തടയുന്നതിന് വേണ്ടി KSEBL കാര്യാലയങ്ങളിൽ ജീവനക്കാരുടെ ഹാജർ സംബന്ധമായി വരുത്തിയിട്ടുള്ള ക്രമീകരണങ്ങളിൽ താഴെപ്പറയുന്ന വ്യവസ്ഥകൾ കൂടി ഉൾപ്പെടുത്തുന്നു

1) പൊതു ഗതാഗത സൗകര്യം ലഭ്യമല്ലാത്തതിനാൽ അതാത് ജില്ലകളിലുള്ള ജീവനക്കാരെ ഉൾപ്പെടുത്തി ഡ്യൂട്ടി ചാർട്ട് തയ്യാറാക്കേണ്ടതാണ്. അപ്രകാരം അതാത് ജില്ലകളിലുള്ള ജീവനക്കാർ ലഭ്യമല്ലെങ്കിൽ മാത്രം തൊട്ടടുത്ത ജില്ലകളിലെ ജീവനക്കാരെ ഡ്യൂട്ടിക്ക് നിയോഗിക്കാവുന്നതാണ്. അത്തരം ജീവനക്കാരുടെ ജില്ലകടന്നുള്ള യാത്രകൾക്ക് ബുദ്ധിമുട്ട് വരാത്ത രീതിയിൽ ഡ്യൂട്ടി ചാർട്ട് ഉത്തരവുകൾ നൽകേണ്ടതാണ്.

2) ഭിന്നശേഷിക്കാർ, ഗുരുതര രോഗബാധിതർ, ഗർഭിണികൾ, അഞ്ചു വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളുള്ള ജീവനക്കാർ എന്നിവരെ ഡ്യൂട്ടിയിൽ നിന്നും പരമാവധി ഒഴിവാക്കേണ്ടതാണ്.

3) പൊതു ഗതാഗത സൗകര്യങ്ങളുടെ അഭാവത്തിൽ 24.03.2020 മുതൽ 30.04.2020 വരെ ജില്ലയ്ക്ക് പുറത്തേക്കുള്ള യാത്ര പൊതുവിൽ പരിമിതപ്പെടുത്തിയിരുന്നതിനാൽ ജോലിക്ക് ഹാജരാകാൻ കഴിയാതിരുന്ന അന്യ ജില്ലക്കാരായ ഓഫീസർമാരുടെ ഹാജർ സംബന്ധിച്ച് ബന്ധപ്പെട്ട ഡയറക്ടറുടെയും മറ്റ് ജീവനക്കാരുടെ കാര്യത്തിൽ അതാത് ഓഫീസ് മേധാവിയുടെയും ഉത്തമ ബോദ്ധ്യത്തിന്റെ അടിസ്ഥാനത്തിൽ ടി കാലയളവ് ഡ്യൂട്ടിയായി പരിഗണിക്കാവുന്നതാണ്.

കോവിഡ് - 19 പകർച്ച വ്യാധിയുടെ വ്യാപനം പ്രതിരോധിക്കുന്നതിനുവേണ്ടി രാജ്യ വ്യാപകമായി നടപ്പിലാക്കിയിട്ടുള്ള ലോക്ക് ഡൗൺ മൂലം സംസ്ഥാനത്തുണ്ടായ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിന് ഇരുപതിനായിരം രൂപയിൽ കൂടുതൽ പ്രതിമാസ ശമ്പളം ലഭ്യമാകുന്ന ജീവനക്കാരുടെ 6 ദിവസത്തെ വീതം ശമ്പളം 2020 ഏപ്രിൽ മുതൽ ആഗസ്റ്റ് വരെ മാറ്റിവെക്കാൻ സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് KSEBL – ൽ നടപ്പിലാക്കിയിട്ടുണ്ട്. ഇങ്ങനെ ശമ്പളം മാറ്റി വെക്കുമ്പോൾ ജീവക്കാർക്ക് ഉണ്ടാകുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ പരമാവധി കുറയ്ക്കുന്നതിന് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടിവിക്കുന്നു.

1) ശമ്പളം മാറ്റിവെക്കപ്പെടുന്ന ജീവനക്കാരുടെ പി.എഫ്. ലോൺ തിരിച്ചടവ് 2020 ഏപ്രിൽ മുതൽ 2020 ആഗസ്റ്റ് മാസം വരെ നിർത്തി വെക്കേണ്ടതാണ്. ഇങ്ങനെ മാറ്റി വെയ്ക്കപ്പെടുന്ന ആകെ തിരിച്ചടവ് തുക പത്ത് തുല്യ തവണകളായി ടി. ജീവനക്കാരുടെ 2020 സെപ്റ്റംബർ മുതൽ 2021 ജൂൺ വരെയുള്ള മാസങ്ങളിലെ ശമ്പളത്തിൽ നിന്നും ലഭ്യമാകേണ്ടുന്ന തിരിച്ചടവിന് ഉപരിയായി ഈടാക്കേണ്ടതാണ്. ഈ ആനുകൂല്യം ബന്ധപ്പെട്ട ARU മേധാവിക്ക് അപേക്ഷ സമർപ്പിക്കുന്ന ജീവനക്കാർക്ക് മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്.

2) മൊത്ത ശമ്പളത്തിൽ നിന്നും ആറു ദിവസത്തെ ശമ്പളം കുറയ്ക്കുന്നതു മൂലം സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്ന ജീവനക്കാർ രേഖാമൂലം ആവശ്യപ്പെടുന്ന പക്ഷം പി.എഫിലേക്കുള്ള വിഹിതം അടിസ്ഥാന ശമ്പളത്തിന്റെ 6% ആയി നിജപ്പെടുത്താവുന്നതാണ്.

**ഒപ്പ്**
**സെക്രട്ടറി (ഭരണം)**

പകർപ്പ് : എല്ലാ ചീഫ് എഞ്ചിനീയർമാർക്കും/ എല്ലാ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്കും /
എല്ലാ എക്സിക്യൂട്ടീവ് എൻജിനീയർമാർക്കും /എല്ലാ റീജിയണൽ ഓഡിറ്റ് ഓഫീസർമാർക്കും /
എല്ലാ അക്കൗണ്ട് റെൻഡറിംഗ് യൂണിറ്റുകൾക്കും.
ടി. എ ടു ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
പി. എ ടു ഡയറക്ടർ (ഫിനാൻസ്)
ടി. എ ടു ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ, ഐ.റ്റി & എച്ച്. ആർ.എം)
ടി. എ ടു ഡയറക്ടർ (ട്രാൻസ്മിഷൻ, എസ്.ഒ & സേഫ്റ്റി)
ടി. എ ടു ഡയറക്ടർ {ജനറേഷൻ (ഇലക്ട്രിക്കൽ) & എസ്.സി.എം}
ടി. എ ടു ഡയറക്ടർ {ജനറേഷൻ (സിവിൽ)}
കമ്പനി സെക്രട്ടറി ഇൻ ചാർജ്ജ്
സി. എ ടു സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)
ഫിനാൻഷ്യൽ അഡ്വൈസർ / ചീഫ് ഇന്റേണൽ ഓഡിറ്റർ
ലീഗൽഅഡ്വൈസർ & ഡിസിപ്ലിനറി എൻക്വയറി ഓഫീസർ.
ചീഫ് വിജിലൻസ് ഓഫീസർ / ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (ഐ.റ്റി)/
ചീഫ് പബ്ലിക് റിലേഷൻ ഓഫീസർ /ഡെപ്യൂട്ടി സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)
ഫെയർ കോപ്പി സൂപ്രണ്ട് / റിക്കോർഡ് സെക്ഷൻ / ലൈബ്രറി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സീനിയർ സൂപ്രണ്ട്